Day 91 of 90 days ✝✝✝ 24th January 2018

## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ക്രിസ്തുവിന്റെ ജീവൻ പ്രാപിച്ചിട്ടില്ലാത്ത ഏവരും ജീവിത ലക്ഷ്യമില്ലാതെ ഒഴുക്കിനനുസരിച്ച് നീങ്ങികൊണ്ടിരിക്കുന്നവരാണ്. എന്നാൽ ഇടയ്ക്കിടയ്ക്ക് ആത്മീയജീവൻ പ്രാപിച്ച ചിലരെ കാണാം. അവർക്ക് ഒരു ലക്ഷ്യമുണ്ട്. ആ ലക്ഷ്യത്തിലെത്തുവാൻ ഒഴുക്ക് അവർക്കൊരു തടസ്സമല്ല. അവനിൽ ജീവനുള്ളതിനാൽ, ഒഴുക്കിനെതിരെ അവർ മുന്നോട്ടു നീങ്ങുന്നു. വിശാലമായ വഴിയിലൂടെ കൂട്ടത്തോടൊപ്പം നീങ്ങുവാൻ മനുഷ്യൻ താൽപ്പര്യപ്പെടുന്നു. അതുവഴി പോകുന്നവർ അനേകരാണ് എന്നും യേശു പറഞ്ഞിരിക്കുന്നു. എന്നാൽ ഇടുക്കവും ഞെരുക്കവുമുള്ള ഒരു വഴിയുണ്ട്. അതുവഴി കടക്കുന്നവർ ചുരുക്കമാണ്. ആ വഴി പ്രയാസവുമാണ്. വിശാലമായ വഴിയിലൂടെ പോകുന്ന ബഹുഭൂരിപക്ഷത്തിന്റെയും അവസാനം നാശമായിരിക്കുമ്പോൾ, ഇടുക്കമുള്ള വഴിയിലൂടെ പോകുന്ന തികച്ചും ന്യൂനപക്ഷത്തിന്റെ അവസാനം നിത്യജീവനായിരിക്കും. ഭൂരിപക്ഷത്തിന്റെ ഇടയിൽ നിന്നും വേർപെട്ട് ന്യൂനപക്ഷത്തോടുകൂടെ നിലകൊള്ളുക എന്നത് അല്പ പ്രയാസമുള്ള കാര്യമാണ്. അതിന് അല്പത്യാഗവും ഉറച്ച തീരുമാനവും ആവശ്യമാണ്. അല്പ നഷ്ടവും കഷ്ടവും സഹിക്കുവാൻ സന്നദ്ധരാകേണ്ടത് അവിടെ ആവശ്യമായിവരും. എന്നാൽ അതിന്റെ അന്ത്യം എത്രയോ ആനന്ദപ്രദവും ശ്രേഷ്ഠവുമായിരിക്കും. ക്രിസ്തു നയിക്കുന്ന നീതിയിൻ പാതയിലൂടെ പോകുമ്പോൾ, കൂട്ടത്തോടൊപ്പം പോകുവാൻ നമുക്ക് കഴിഞ്ഞെന്ന് വരികയില്ല. എന്നാൽ ഈ പാത, നീതിയുടെ പാതയും ജീവങ്കലേക്കുള്ള പാതയുമാണ്. ആകയാൽ, കൂട്ടത്തിൽ നിന്ന് വേർപെട്ട് ക്രിസ്തുവിനെ പൂർണ്ണഹൃദയത്തോടുകൂടെ പിൻപററുവാൻ തയ്യാറാകണം. സ്വന്തം ആഗ്രഹത്തിനു കൂടുതൽ താല്പര്യം കൊടുക്കാതെ, മററുള്ളവർക്കു വേണ്ടി അത് ഉപേക്ഷിക്കുവാൻ തയ്യാറാകണം. യഥാർത്ഥത്തിൽ തന്നെത്താൻ ത്യജിക്കുക എന്ന് കർത്താവ് പറഞ്ഞിരിക്കുന്നതിന്റെ അർത്ഥം ഇതാണ്. സാധാരണ മനുഷ്യന്റെ പ്രകൃതം ഇതല്ല, ഇതിൽ നിന്നും വിരുദ്ധമാണ്. അതുകൊണ്ടു തന്നെയാണ്, തന്നെ പിൻപററുവാൻ ഇച്ഛിക്കുന്നവൻ ഇപ്രകാരമായിരിക്കണമെന്ന് യേശു പ്രത്യേകാൽ നിർദ്ദേശിച്ചിരിക്കുന്നത്. സ്വന്തം താല്പര്യം മാററിവച്ച് പിന്നണിയിലെ സ്ഥാനമെടുക്കുവാൻ തയ്യാറായി മററുള്ളവരെ തന്നേക്കാൾ ശ്രേഷ്ഠരെന്ന് എണ്ണി മുന്നോട്ടു പോകുന്നവരാണ്, നീതിയിൻ പാതയിലൂടെ നടക്കുന്നവർ. ഇടയൻ നിർദ്ദേശിക്കുന്ന സ്ഥാനത്ത് നിലകൊള്ളുവാൻ തയ്യാറാകുന്ന ആടുകൾക്ക് മാത്രമേ അവിടെ സ്ഥാനമുള്ളൂ. ഓരോരുത്തരുടെയും സ്ഥാനം അവരവർ തന്നെയല്ല തെരഞ്ഞെടുക്കുന്നത്; ഓരോന്നിനുമുള്ള സ്ഥാനം ഇടയൻ നിർദ്ദേശിക്കുകയാണ്. അവിടെ ഇടയനെ സന്തോഷത്തോടെ അനുസരിപ്പാനും ആക്കിയിരിക്കുന്ന സ്ഥാനത്ത് സന്തോഷത്തോടെ ആയിരിപ്പാനും താല്പര്യപ്പെടുന്നവർ ചേരുമ്പോൾ അത് എത്രയോ ആനന്ദപ്രദമാണ്. ആകയാൽ തന്നെത്താൻ ത്യജിപ്പാൻ തയ്യാറാകുക.

തുടരും...